
# മാർ മാത്യു മൂലക്കാട്ട്
## പ്രതീക്ഷകൾ നല്കുന്ന ഇടയൻ



കോട്ടയം അതിരൂപതയുടെ ശതാബ്ദി വർഷത്തിലെ ഇടയനിയോഗം ഏറ്റുവാങ്ങിയ മെത്രാനാണ് മാർ മാത്യു മൂലക്കാട്ട്. ദൈവത്തിന്റെ ഡിക്ഷ്നറിയിൽ "ആകസ്മികം" എന്നൊരു വാക്ക്കാണില്ലെന്ന് ഉറപ്പാണല്ലോ. മാർ മാത്യു മൂലക്കാട്ട് "നമ്മുടെ പിതാവ്" എന്ന് ആദരവോടും അഭിമാനത്തോടും കൂടി ക്നാനായ സമൂഹം പറയുമ്പോൾ അദ്ദേഹത്തിന്റെ ജീവിത നേർരേഖയിൽ ദൈവപരിപാലനയുടെ അടയാളങ്ങൾ നാം ദർശിക്കുന്നു. ദൈവനടത്തിപ്പിന്റെ വഴിത്താരയിലൂടെ അജപാലന ദൗത്യത്തിന്റെ ഉന്നതിയിലേക്ക് കയറിയ മാർമാത്യു മൂലക്കാട്ടിന് ക്നാനായ കത്തോലിക്കാസമൂഹത്തെ വളർച്ചയുടെ പാതയിൽ നടത്താൻ ദൈവം ഒരുക്കങ്ങൾ നടത്തിയിരുന്നു. മൂലക്കാട്ട് ജോണിന്റെയും അന്നക്കുട്ടിയുടെയും എട്ടുമക്കളിൽ രണ്ടാമനായി 1953 ഫെബ്രുവരി 27-ാം തീയതി ഉഴവൂരിൽ ഭൂജാതനായ മത്തച്ചൻ 1967 ൽ ഉഴവൂർ ഹൈസ്കൂളിൽ നിന്ന് എസ്.എസ്.എൽ.സി. ഫസ്റ്റ് ക്ലാസിൽ പാസായി. സാധാരണയായി ഹൈസ്കൂൾ പഠനത്തിനുശേഷം വൈദികസെമിനാരിയിൽ ചേരുന്ന പതിവിനു വിരുദ്ധമായി അഞ്ചു വർഷം കൂടി ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിൽ പഠിച്ച് ഫിസിക്സ് ബിരുദധാരിയായാണ് സെമിനാരിയിലെത്തിയത്. കോട്ടയം സെന്റ് സ്റ്റാനിസ്ലാവൂസ് മൈനർ സെമിനാരിയിലും തുടർന്ന് ആലുവായിൽ കാർമ്മൽഗിരി സെമിനാരിയിൽ തത്വശാസ്ത്രവും മംഗലപ്പുഴ സെമിനാരിയിൽ ദൈവശാസ്ത്രവും പഠിച്ച് 1978 ഡിസംബർ 27-ാം തീയതി അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശ്ശേരിയുടെ കൈവയ്പ്പിലൂടെ കോട്ടയം രൂപതയുടെ വൈദികനായി. പഠനത്തിൽ എന്നും മികവു കാട്ടിയിട്ടുള്ള പിതാവ് പുത്തനറിവുകൾ സമ്പാദിക്കുന്നതിൽ ഉൽസുകനായിരുന്നു. കത്തോലിക്കാ വിശ്വാസത്തിന്റെ സൂക്ഷിപ്പുകാരനും സംരക്ഷകനും വാഹകനുമാകേണ്ട ബ്രദർ മാത്യു തന്റെ യുക്തി ചിന്തകളെ വിശ്വാസ വെളിച്ചത്തിൽ സംശുദ്ധമാക്കി. വീട്ടിലും സെമിനാരിയിലും കായികാദ്ധ്വാനത്തെ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നു. പിന്നീടുള്ള തന്റെ ബനഡിക്ടൈൻ ORA ET LABORA (pray & work) ജീവിതശൈലിയോടുള്ള ആകർഷണത അദ്ദേഹത്തിൽ ചെറുപ്പം മുതലേ നാമ്പെടുത്തിരുന്നു. സ്വന്തം പിതാവിന്റെ സേവന സന്നദ്ധതയും കൃത്യതയും ഭക്തയായ അമ്മയുടെ പ്രതിബന്ധങ്ങളെ അതിജീവിക്കാനുള്ള കരുത്തും ബാലനായ മത്തച്ചന് ജീവിതത്തിലെ ആദ്യ പാഠങ്ങളായി. പ്രാർത്ഥനാ ചൈതന്യവും ആദ്ധ്യാത്മികാന്തരീക്ഷവും നിറഞ്ഞുനിന്ന കുടുംബ സാഹചര്യങ്ങളാണ് മാർ മാത്യു മൂലക്കാട്ടിന് പൗരോഹിത്യത്തിലേക്കും മേല്പട്ട ശുശ്രൂഷയ്ക്കും അടിത്തറ പാകിയത്. സഹോദരികളായ സിസ്റ്റർ സൗമ്യയും സിസ്റ്റർ അനിജയും സന്യാസ വിളികൾ സ്വീകരിച്ചതു അതിന് തെളിവാണ്.

വൈദികശുശ്രൂഷ ആരംഭിച്ചത് വി. എസ്തപ്പാനോസിന്റെ നാമധേയത്തിലുള്ള അട്ടപ്പാടിയിലെ കള്ളമല പള്ളിയിലാണ്. പിന്നീട് ചുള്ളിയോട് പള്ളിയിൽ വികാരിയായി. അതിനുശേഷം പാലത്തുരുത്ത് പള്ളിയിൽ സേവനം അനുഷ്ഠിച്ച സമയത്ത് മാന്നാനം കുര്യാക്കോസ് ഏലിയാസ് കോളേജിൽ നിന്നും ബി.എഡ് ബിരുദം നേടി. തുടർന്ന് പീരുമേട്ടിലുള്ള മരിയാഗിരി സ്കൂളിൽ അധ്യാപകനും പ്രിൻസിപ്പലുമായി സേവനം അനുഷ്ഠിച്ചു. ഈ സമയത്ത് ചക്കുപള്ളത്തും കട്ടപ്പനയിലും അജപാലനശുശ്രൂഷ നടത്തുകയുണ്ടായി. മരിയാഗിരി സ്കൂളിൽ പഠിപ്പിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ സോഷ്യോളജിയിൽ എം.എ ബിരുദവും സമ്പാദിച്ചു. ഏതാനും മാസങ്ങൾ മലങ്കര രീതിയിൽപ്പെട്ട റാന്നി പള്ളിയിൽ വൈദികശുശ്രൂഷയും താൻ പഠിച്ച ഉഴവൂർ സ്കൂളിൽ അദ്ധ്യാപന ശുശ്രൂഷയും വൈദികനായിരുന്ന കാലഘട്ടത്തിൽ മൂലക്കാട്ടച്ചൻ ചെയ്യുകയുണ്ടായി. അജപാലനത്തോടൊപ്പം അദ്ധ്യാപനവും പഠനവും ഒരുമിച്ചു കൊണ്ടുപോകുവാൻ മാത്യു മൂലക്കാട്ടച്ചന് കഴിഞ്ഞു. വൈദികനായി ശുശ്രൂഷ

ചെയ്തിടത്തെല്ലാം മൂലക്കാട്ടച്ചൻ പ്രയങ്കരനായിരുന്നു. എളിമയും വിശുദ്ധിയും ആത്മാർത്ഥതയും ലാളിത്യവും അദ്ദേഹത്തെ കോട്ടയം രൂപതാ വൈദികർക്കും പ്രിയപ്പെട്ടവനാക്കി. അദ്ധ്യാപനരംഗത്ത് തന്റെ മികവു തെളിയിച്ച ഫാദർ മൂലക്കാട്ട്, ശിഷ്യരോട് കർക്കശനും അതേസമയം കരുണാമയനുമായി അറിയപ്പെട്ടു.

മൂലക്കാട്ടച്ചന്റെ പഠനചാതുര്യവും ബുദ്ധികൂർമ്മതയും ഗ്രഹണശേഷിയും ആത്മാർത്ഥതയും മനസ്സിലാക്കിയിട്ടാവണം കാനൻ നിയമത്തിൽ ഡോക്ടറേറ്റ് എടുക്കുവാൻ രൂപതാദ്ധ്യക്ഷൻ മാർ കുര്യാക്കോസ് കുന്നശ്ശേരി അദ്ദേഹത്തെ റോമിലേക്കയച്ചത്. 1991 ൽ അദ്ദേഹം പൗരസ്ത്യകാനൻ നിയമത്തിൽ പൊന്റിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ഡോക്ടറേറ്റ് സ്തുത്യർഹമാം വിധം നേടി എടുത്തു. ദൈവദാസൻ മാർ മാത്യു മാക്കീലിന്റെ ഡെക്രെത്തു പുസ്തകത്തെ ആധാരമാക്കിയുള്ള ഗവേഷണതീസിസിനാണ് ഡോക്ടറേറ്റ് ബിരുദം നല്കപ്പെട്ടത്. സീറോ മലബാർ സഭയുടെ പ്രത്യേക നിയമങ്ങൾ ക്രോഡീകരിക്കുന്നതിന് സഹായമായിരുന്നു ഈ പ്രബന്ധം. തിരിച്ച് നാട്ടിലെത്തിയ മൂലക്കാട്ടച്ചചൻ മാർ കുന്നശ്ശേരി പിതാവിന്റെ സെക്രട്ടറിയായും ചാൻസലറായും ജൂഡീഷ്യൽ വികാരിയായും സേവനമനുഷ്ഠിച്ചു. അതിരൂപതാകേന്ദ്രത്തിൽ ശുശ്രൂഷ ചെയ്തിരുന്നപ്പോൾ ഓഫീസ് ഫയലുകൾക്കും കൂരിയ കാര്യങ്ങൾക്ക് ചിട്ടയും ചാരുതയും വേഗതയും പൂർണതയും നല്കി ഭരണയന്ത്രത്തിന് സേവനാഭിമുഖ്യം പ്രദാനം ചെയ്യുവാൻ മൂലക്കാട്ടച്ചനു കഴിഞ്ഞു. വൈദികർക്കും ജനങ്ങൾക്കും അദ്ദേഹം സംലഭ്യനാകുവാൻ ശ്രദ്ധിച്ചിരുന്നു.

ഈ കാലഘട്ടത്തിലാണ് ഇറ്റലിയിലുള്ള വല്ലംബ്രോസൻ ബനഡിക്ടൈൻ കോൺഗ്രിഗേഷൻ കോട്ടയം രൂപതയിൽ സ്ഥാപിതമായത്. കോട്ടയം രൂപതയിൽ ക്നാനായ സമൂഹത്തിന് ധ്യാനാത്മകസമൂഹങ്ങൾ വേണമെന്നുള്ള കുന്നശ്ശേരി പിതാവിന്റെ ക്രാന്തദർശിത്വമാണ് ഈ സഭാസമൂഹം തിരുഹൃദയക്കുന്നിൽ കാർലോസ് ദയറാ സെമിനാരിയിൽ ആരംഭിക്കുവാനിടയാക്കിയത്. ബ. മൂലക്കാട്ടച്ചൻ റോമിലായിരുന്നപ്പോൾ ഈ സമൂഹവുമായി ഏറെ ബന്ധപ്പെട്ടിരുന്നു. ദൈവത്തിന്റെ വഴികൾ മനുഷ്യർക്ക് നിഗൂഢമാണ് എന്ന വചന സാക്ഷാത്ക്കാരം പോലെ മൂലക്കാട്ടച്ചൻ 1994-ൽ മോന്തെനേറോയിലുള്ള വല്ലംബ്രോസിയൻ കോൺഗ്രിഗേഷനിലേക്ക് യാത്രതിരിച്ചു. തുടർന്ന് നാലരവർഷത്തെ സന്യാസ പരിശീലനം, നൊവീഷ്യറ്റ് എന്നിവയിലൂടെ കടന്നുപോയ മൂലക്കാട്ടച്ചൻ 1998 ഡിസംബർ 5-ാം തീയതി ഈ സഭയിൽ നിത്യവ്രത വാഗ്ദാനം ചെയ്ത് ഒരു ബനഡിക്റ്റെൻ സന്യാസിയായിത്തീർന്നു. തന്റെ ഭാവി ഇടയ ദൗത്യത്തിനാവശ്യമായ ആദ്ധ്യാത്മികമായ ഊർജ്ജവും കരുത്തും സന്യാസപരിശീലനത്തിലൂടെ സ്വായത്തകമാക്കുകയായിരുന്നെന്ന് 23 ദിവസങ്ങൾക്കു ശേഷം നടന്ന മെത്രാൻ പ്രഖ്യാപനം വ്യക്തമാക്കി. 1998 ഡിസംബർ 28-ാം തീയതി ഫാദർ മാത്യു മൂലക്കാട്ട് OSB യെ ഹോള്ളറിന്റെ ബിഷപ്പായും കോട്ടയം രൂപതയുടെ സഹായ മെത്രാനുമായി വത്തിക്കാനിൽ നാമനിർദ്ദേശം ചെയ്തു. 1999 ജനുവരി 6-ാം തീയതി അദ്ദേഹത്തെ പുണ്യസ്മരണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ മെത്രാനായി വത്തിക്കാനിലെ വി. പത്രോസിന്റെ ബസിലിക്കയിൽ അഭിഷേകം നടത്തി. പൗരസ്ത്യ പാരമ്പര്യ പ്രകാരം സന്യാസികളാവണം മെത്രാന്മാരാകേണ്ടത്. അത് കൃത്യതയോടെ മൂലക്കാട്ട് പിതാവിൽ സംഭവിച്ചത് ദൈവനിയോഗമല്ലാതെ മറ്റൊന്നുമല്ല. മൂലക്കാട്ടു പിതാവിന്റെ ശ്രേഷ്ഠപൗരോഹിത്യവും അപ്പസ്തോല ദൗത്യവും പുതിയൊരു മാനം കൈവരിക്കുകയാണ് ഈ മെത്രാൻ തിരഞ്ഞെടുപ്പിലൂടെ സംഭവിച്ചത്.

മേല്പട്ടസ്ഥാനം സ്വീകരിച്ചശേഷം 1999 ജനുവരി 19-ാം തീയതി ക്രിസ്തുരാജ കത്തീഡ്രലിൽ വൈദികരോടൊന്നിച്ച് സമൂഹബലിയും അനുമോദന സമ്മേളനവും നടത്തി. 26-ാം തീയതി കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ മലബാർ മേഖലാ സ്വീകരണവും നടന്നു. സഹായമെത്രാനായ മാർ മൂലക്കാട്ടിനെ കോട്ടയം രൂപതയുടെ പ്രഥമ വികാരി ജനറാളായി നിയമിച്ചു. മലബാർ മേഖലയിലെ അജപാലന ചുമതല ഫലവത്താക്കാൻ കണ്ണൂരുള്ള ബറുമറിയം പാസ്റ്ററൽ സെന്ററിൽ കൊച്ചുപിതാവ് താമസിക്കാനും തുടങ്ങി.

കോട്ടയം രൂപതയെ മൂന്നാംസഹസ്രാബ്ദത്തിൽ പുതിയ മേച്ചിൽ പുറങ്ങളിലേക്ക് നയിക്കുവാൻ ദർശനവും ആത്മീയതയും അറിവും കരുത്തുമുള്ള മെത്രാനാണ് മാർ മാത്യു മൂലക്കാട്ടെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. പിതാവ് തന്റെ ആദർശവാക്യമായി സ്വീകരിച്ചത് “ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടിയുണ്ട്” എന്ന ദൈവവചനമാണ്. ഈ ബോധ്യം ബാല്യം മുതലേ തനിക്കുണ്ടായിരുന്നതായി പിതാവുതന്നെ സാക്ഷ്യപ്പെടുത്താറുണ്ട്. ദൈവസാന്നിധ്യത്തെ തന്റെ അജഗണത്തിന് പകർന്നു നൽകുകയും അനുനിമിഷം അത് അനുഭവവേദ്യമാക്കുകയും ചെയ്യുകയാണ് 1999 ലെ ദനഹ തിരുനാളിൽ മെത്രാനായി അഭിഷിക്തനായ തന്റെ മിഷൻ എന്ന് അദ്ദേഹം ആവർത്തിച്ചു പറയുന്നു. തന്റെ ഭരണസാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് കോട്ടയം രൂപതയുടെ മലബാർ മേഖലയിൽ സ്തുത്യർഹമായ അജപാലന ശുശ്രൂഷ മാർ മൂലക്കാട്ട് കാഴ്ച വച്ചു.

ഏഴു വർഷത്തെ മലബാർ ശുശ്രൂഷയിൽ ലഭിച്ച പരിചയം അദ്ദേഹത്തിന്റെ മുന്നോട്ടുള്ള പാതകളെ സുഗമമാക്കി. മലബാർകുടിയേറ്റ പ്രദേശത്തെ ക്നാനായ കത്തോലിക്കരുടെയും രൂപതാ വൈദികരുടെയും സന്യാസിനികളുടെയും ഹൃദയസ്പന്ദനങ്ങൾ അടുത്തറിയാൻ ശ്രമിച്ച മാർ മൂലക്കാട്ട് ക്നാനായ സമൂഹത്തിന്റെ ആഗോള കുടിയേറ്റത്തെക്കുറിച്ചും ബോധവാനായിരുന്നു. നൂറ്റാണ്ടുകളുടെ വിശ്വാസസമുദായ പൈതൃകത്തെ സൂക്ഷിക്കാനും ഭാവിയെക്കുറിച്ച് പ്രതീക്ഷകളും വർത്തമാനകാലത്തെക്കുറിച്ച് ആത്മവിശ്വാസവും പകർന്നു നല്കാനും തന്റെ മലബാർ പ്രദേശത്തെ അജപാലനശുശ്രൂഷയിൽ പിതാവ് ശ്രദ്ധ നല്കി. കോട്ടയം സഹായമെത്രാനും മലബാറിൽ കുടിയേറിയ സഭാ മക്കളുടെ പൂർണ്ണ ചുമതലയും ഒരുമിച്ച് സ്തുത്യർഹമാംവിധം നടത്തി. മൂലക്കാട്ട് പിതാവിന്റെ കോളനികളിലൂടെയുള്ള നിരന്തരയാത്ര തന്റെ ജനത്തെ അറിയാനുള്ള പിതാവിന്റെ അദമ്യമായ ആഗ്രഹത്തെ

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ

യാണ് സൂചിപ്പിച്ചിരുന്നത്.

മാർ മാത്യു മൂലക്കാട്ടിനെ കോട്ടയം രൂപതയുടെ - കൊഅഡ്ജത്തോർ മെത്രാനായി 2003 ആഗസ്റ്റ് 15 ന് പരി.സിംഹാസനം നിയമിച്ചു. 2005 മെയ് 9-ാം തീയതി കോട്ടയം രൂപതയെ അതിരൂപതയായും ഉയർത്തി. മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിനെ പ്രഥമ മെത്രാപ്പോലീത്തയായും സീറോ മലബാർ സഭാസിനഡ് നിയമിച്ചു. 2006 ജനുവരി 14-ാം തീയതി അതിരൂപതാഭരണത്തിൽ നിന്ന് അദ്ദേഹം വിരമിച്ചപ്പോൾ കോട്ടയം രൂപതാചരിത്രത്തിന്റെ സുവർണ്ണമായ ഒരധ്യായം അവസാനിച്ചു. മഹാരഥന്മാരാൽ ഭരിക്കപ്പെട്ട ക്നാനായ വിശ്വാസസമൂഹത്തിന്റെ മെത്രാപ്പോലീത്തയായി മാർ മാത്യു മൂലക്കാട്ട്, മേജർ ആർച്ച്ബിഷപ്പ് കാർഡിനൽ മാർ വർക്കി വിതയത്തിലിന്റെ പ്രധാന കാർമ്മികത്വത്തിൽ നടന്ന ശുശ്രൂഷയിൽ വാഴിക്കപ്പെട്ടു. അനേകം മെത്രാൻമാർ, വൈദികർ, സന്യാസിനികൾ, അൽമായർ, വിശിഷ്ടവ്യക്തികൾ എന്നിവരെ സാക്ഷിനിറുത്തി സ്ഥാനാരോഹണവും നടത്തി. നന്ദിയുടെ മലരുകൾ വലിയ ഇടയനായ കുന്നശ്ശേരി പിതാവിനു സമർപ്പിച്ച ആ വേദിയിൽ തന്നെ പുതിയ ഇടയനായ മൂലക്കാട്ട് ബിഷപ്പിന് ഏവരും ആശംസകളും ദൈവാനുഗ്രഹവും നേർന്നു.

ക്നാനായ കത്തോലിക്കാസമൂഹത്തിന്റെ പുതിയ ഇടയൻ ഭരണമേറ്റെടുത്തിട്ട് ആറു വർഷമാകുന്നു. ഒരു രൂപതയുടെ അംഗങ്ങൾ മാത്രമല്ല ലോകമെമ്പാടുമുള്ള ക്നാനായ ജനസമൂഹം മുഴുവനുമാണ് മാർ മാത്യു മൂലക്കാട്ട് പിതാവിലേക്ക് പ്രതീക്ഷയോടെ ഉറ്റുനോക്കുന്നത്. 25 ഓളം രാജ്യങ്ങളിൽ സംഘടിത ജീവിതം നയിക്കുന്ന ക്നാനായ സമൂഹാംഗങ്ങൾ മെത്രാപ്പോലീത്തായെ ഹൃദയത്തോടു ചേർത്തുവച്ച് സ്നേഹിക്കുകയും അദ്ദേഹത്തിന്റെ അജപാലനദൗത്യത്തോട് സഹകരിക്കുകയും ചെയ്യുന്നുണ്ട്. ദൈവത്തിലും വചനത്തിലും ആശ്രയിച്ച് മുൻഗാമികൾ നല്കിയ അടിത്തറയിലും ശക്തിയിലും ക്നാനായ സമൂഹത്തെ ഉറപ്പിച്ച് ജനങ്ങൾക്കൊപ്പം നിന്ന് അവരെ നയിക്കുന്ന അജപാലനശൈലിയാണ് മാർ മൂലക്കാട്ടിനുള്ളത്. ദൈവഹിതത്തിനും അജഗണങ്ങളുടെ സൂചിന്തിത അഭിപ്രായങ്ങൾക്കും കാതോർത്തതിനു ശേഷമേ അദ്ദേഹം തീരുമാനങ്ങളെടുക്കാറുള്ളൂ. എല്ലാ വിജ്ഞാന സാങ്കേതിക മേഖലകളിലും ഔത്സുക്യം കാണിക്കുന്ന പിതാവ് പുതിയ ആകാശങ്ങളെ കണ്ടെത്തി അജപാലന ശുശ്രൂഷയെ ആനുകാലികമാക്കാൻ ശ്രമിക്കുകയും അതിനായി വൈദികരെയും സന്യസ്തരെയും അജഗണം മുഴുവനെയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. പൗരോഹിത്യത്തോടും സന്യാസത്തോടും പൂർണ്ണമായും അനുരഞ്ജിതമായ അദ്ദേഹം ആഴമായ വിശ്വാസനുഭവങ്ങളിലേക്കു നീങ്ങാൻ തന്റെ അജഗണങ്ങളെ നിരന്തരം ഉത്ബോധിപ്പിക്കുന്നു. ദൈവസമീപ്യത്തെ വിശ്വാസിസമൂഹത്തിന് ബോധ്യപ്പെടുത്തുകയാണ് തന്റെ മുൻഗണനയെന്ന് അദ്ദേഹം ആവർത്തിച്ച് പറയുകയും എഴുതുകയും ചെയ്യുന്നുണ്ട്. ആറുവർഷത്തെ യോഗാത്മക ജീവിതത്തിൽ നിന്നും ലഭിച്ച ആധ്യാത്മിക കരുത്തിന്റെ ശോഭയിൽനിന്നാവണം അദ്ദേഹം സഭയിലും സമുദായത്തിലും ഉണ്ടാകേണ്ടമാറ്റങ്ങളെക്കുറിച്ച് സ്വപ്നങ്ങൾ നെയ്യാറുള്ളത്. മാർ മാത്യൂ മൂലക്കാട്ടിന്റെ ഇടയലേഖനങ്ങൾ ഇവ സുതരാം വ്യക്തമാക്കുന്നുണ്ട്. അവ പഠന ലേഖനങ്ങളും ധ്യാനചിന്തകളുമാണ്.

ക്നാനായ സമുദായത്തിന്റെ വ്യതിരിക്തതയും പാരമ്പര്യങ്ങളും നിലനിർത്തുന്നതോടൊപ്പം കത്തോലിക്കാ വിശ്വാസത്തിൽ സമുദായത്തെ ഉറപ്പിച്ചുനിർത്തി വളർത്താനും നഷ്ടപ്പെട്ട ആടുകളെ തേടിപ്പോകാനുമുള്ള ഇടയദൗത്യം അദ്ദേഹത്തിനുണ്ട്. അതിനാവശ്യമായ അജപാലന സംവിധാനങ്ങൾ ഏർപ്പെടുത്താൻ പരിശുദ്ധ സിംഹാസനത്തേയും സീറോ മലബാർ സിനഡിനേയും ബോധ്യപ്പെടുത്താനുള്ള തീവ്രയജ്ഞം അദ്ദേഹം തുടരേണ്ടതുമുണ്ട്. അതോടൊപ്പം മലങ്കരറീത്തിൽപ്പെട്ട ക്നാനായ കത്തോലിക്കാ സമൂഹത്തിനാവശ്യമായ അജപാ ശുശ്രൂഷകൾക്ക് സഹായകമാകുന്ന ഭരണക്രമീകരണങ്ങളും നേടിയെടുക്കാനുള്ള മറ്റൊരു ഭാരമേറിയ ദൗത്യവും മാർ മാത്യു മൂലക്കാട്ട് പിതാവിൽ നിക്ഷിപ്തമാണ്. വ്യക്തി സ്വാതന്ത്ര്യം, സാമ്പത്തിക ഉന്നമനം, ആധുനിക ആശയ വിനിമയ സങ്കേതങ്ങൾ, വ്യത്യസ്ത സാംസ്കാരങ്ങളുമായുള്ള ഇടപെടൽ തുടങ്ങിയവ ക്നാനായ കത്തോലിക്കാ സമൂഹത്തിന്റെ പരമ്പരാഗത കാഴ്ചപ്പാടുകളെയും സഭാമൂല്യങ്ങളെയും ചോദ്യം ചെയ്യാനും ലളിതവത്ക്കരിക്കാനുമുള്ള പ്രവണതയെ ശക്തമാക്കുന്നുണ്ട്. ഈ സാഹചര്യങ്ങളെ പ്രതിരോധിച്ച് വിശ്വാസത്തിലും സമുദായസ്നേഹത്തിലും വളർത്താൻ മാർ മാത്യു മൂലക്കാട്ട് നിരന്തരം ശ്രമിക്കുന്നു.

കൂട്ടായ്മയും വംശവിശുദ്ധിയുമാണ് ക്നാനായ സമുദായത്തിന്റെ ആസ്തിയും വളർച്ചയ്ക്ക് കാരണവുമെന്ന് ബോധ്യമുള്ള പിതാവ് സമുദായത്തിൽ നുഴഞ്ഞു കയറിയിട്ടുള്ള മൂല്യച്യുതികളെ ചെറുക്കുന്നതിൽ ജാഗ്രത പുലർത്തുന്നുണ്ട്. ദൈവസാമീപ്യത്തിൽ ആനന്ദം കണ്ടെത്തുന്ന മെത്രാപ്പോലീത്ത എല്ലാക്കാര്യങ്ങളിലും തന്റെ സന്യാസ പൈതൃകം വ്യക്തിത്വഭാവമാക്കിയിരിക്കുന്നു. ഒന്നിനോടും ആസക്തി പുലർത്താത്ത വിരക്തഭാവവും ഒപ്പം സത്യം, വിനയം, ആത്മാർത്ഥത, സത്യസന്ധത എന്നിവയും തന്റെ വ്യക്തിത്വസവിശേഷതകളായി പുലർത്തിപ്പോരുന്നു. വെല്ലുവിളികൾ നേരിടുമ്പോൾ അദ്ദേഹം ആശ്രയിക്കുക തന്റെ ദൈവവചന ആപ്തവാക്യത്തെ തന്നെയാണ് “ഭയപ്പടേണ്ട ഞാൻ നിന്നോടു കൂടിയുണ്ട്”.

ഊഷ്മളതയും ഉത്സാഹവും സ്വതസിദ്ധമായിട്ടുള്ള മൂലക്കാട്ട് മെത്രാപ്പോലീത്തയുടെ ഇടയശുശ്രൂഷ നൂറ്റാണ്ടുകളുടെ പൈതൃകം നെഞ്ചിലേറ്റുന്ന ഒരു ജനസമൂഹത്തിന് ദൈവാനുഭവവും ആത്മവിശ്വാസവും പ്രതീക്ഷയും വരുംകാലങ്ങളിൽ നൽകുമെന്ന് ന്യായമായും പ്രതീക്ഷിക്കാം. തനിമകളും സംസ്കാര മുദ്രകളും നഷ്ടപ്പെടുത്താതെ തന്നെ ഈശ്വരചൈതന്യത്തിലേക്ക്, ക്നാനായ സമൂഹത്തെയും പൊതുസമൂഹത്തെയും വളർത്താനുള്ള ദൗത്യമാണ് മാർ മൂലക്കാട്ട് മെത്രാന്റേത്. ഈ നിയോഗത്തിന്റെ സാക്ഷാത്ക്കാരത്തിനായി പിതാവിനോടൊപ്പം നമുക്കും പ്രാർത്ഥനാനിരതരാകാം.

**റവ. ഡോ. തോമസ് കോട്ടൂർ**